

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുളിമാത്ത് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/
ജിപി.11/1684/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുളിമാത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.11/1684/2024

തീയ്യതി: 25/10/2024

തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം

ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ .ആർ	ഡെപ്യൂട്ടി ഡയറക്ടർ	21-08-2024	31-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2024	31-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പ്രീത, എസ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. പ്രവീൺ .എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർ രാജ് .എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. റീന .ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മഹേഷ് .കെ.ബി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുസ്മിത .എസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി. ബെറ്റി .ജെ ട്രീസ	സെക്രട്ടറി	01-04-2023	27-05-2023

ശ്രീ. സുദർശനൻ .ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-05-2023	08-06-2023
ശ്രീമതി. ബെറ്റി .ജെ ട്രീസ	സെക്രട്ടറി	09-06-2023	21-08-2023
ശ്രീ. സുദർശനൻ .ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-08-2023	31-08-2023
ശ്രീമതി. ബെറ്റി .ജെ ട്രീസ	സെക്രട്ടറി	01-09-2023	09-10-2023
ശ്രീ. സുദർശനൻ .ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	10-10-2023	10-10-2023
ശ്രീ. ഹരികുമാർ .ജി.എൻ	സെക്രട്ടറി	11-10-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുദർശനൻ .ജി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ഡോ. മിനി .എം.ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-05-2023
ഡോ. വി.എസ്. ശ്രീകാന്ത്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-06-2023	26-06-2023
ഡോ. പ്രിയ .എ	മെഡിക്കൽ ഓഫീസർ, ആയുർവേദം	26-06-2023	10-08-2023
ഡോ. ഗണേഷ് ബാബു	മെഡിക്കൽ ഓഫീസർ, ആയുർവേദം	10-08-2023	17-08-2023
ഡോ. ലീന .വി.എം	മെഡിക്കൽ ഓഫീസർ, ആയുർവേദം	17-08-2023	31-03-2024

ശ്രീമതി. ലാലി .റ്റി.എസ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	30-04-2023
ശ്രീമതി. ബാസിമ ബീഗം .എസ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-05-2023	31-03-2024
ഡോ. ചിത്ര.ആർ. നായർ	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി. സെറ ജോയ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	01-04-2023	20-04-2023
ശ്രീ. സമീർ .ആർ.എസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	21-04-2023	11-05-2023
ശ്രീമതി. സെറ ജോയ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	12-05-2023	27-05-2023
ശ്രീ. സമീർ .ആർ.എസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	28-05-2023	04-06-2023
ശ്രീമതി. സെറ ജോയ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	05-06-2023	02-08-2023
ശ്രീ. സമീർ .ആർ.എസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	03-08-2023	12-10-2023
ശ്രീമതി. സെറ ജോയ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 1	13-10-2023	31-03-2024
ശ്രീമതി. വിനയ .ജി.എസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 2	01-04-2023	10-04-2023
ശ്രീ. സമീർ .ആർ.എസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ 2	11-04-2023	31-03-2024
ഡോ. സൗമ്യ .എസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024

ശ്രീ. സനൽകുമാർ . എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി. അമീന .എൻ	കൃഷി ഓഫീസർ	01-04-2023	13-10-2023
ശ്രീമതി. അനുചിത്ര .വി.എൽ	കൃഷി ഓഫീസർ	13-10-2023	04-12-2023
ശ്രീമതി. ഷോണി .എസ്.പി	കൃഷി ഓഫീസർ	04-12-2023	31-03-2024
ശ്രീ. ദിലീപ് .വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	14-04-2023
ശ്രീ. സുബിൻ .എസ്.ജെ	അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്)	15-04-2023	18-07-2023
ശ്രീമതി. ചിത്ര .എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	19-07-2023	31-03-2024
ശ്രീമതി. രേഖ .എസ്	എച്ച്.എം	01-04-2023	07-06-2023
ശ്രീമതി. ഷീജ .എസ്	സീനിയർ അസിസ്റ്റന്റ് (ഇൻ ചാർജ്ജ്)	08-06-2023	18-06-2023
ശ്രീമതി. ഗീത .എസ്	എച്ച്.എം	19-06-2023	31-03-2024
ഡോ. ഗീത .ആർ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2023	19-06-2023
ഡോ. പ്രീത .പി.റ്റി	അസിസ്റ്റന്റ് സർജൻ (അഡീഷണൽ ചാർജ്)	19-06-2023	26-06-2023
ഡോ. നിജു .എം.എൽ	മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി	26-06-2023	31-03-2024

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ബാങ്ക് അക്കൌണ്ടുകൾക്ക് പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.	1-1-3
5	സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-4
6	വസ്തു നികുതി - (റസിഡൻഷ്യൽ, നോൺ റെസിഡെൻഷ്യൽ) തൻവർഷം, കുടിശ്ശിക, ബാലൻസ്-സഞ്ചയ പ്രകാരമുള്ള വിവരങ്ങളും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-1-5
7	ക്ലോസിങ് സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല	1-1-6
8	റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ ലഭിച്ച രണ്ടുകോടി രൂപ ശീർഷകം മാറി വരവു രേഖപ്പെടുത്തി	1-1-7
9	ബി 4-ലെ CFC നീക്കിയിരിപ്പിന് തതുല്യമായ തുക പ്രസ്തുത അക്കൌണ്ടിന്റെ ബി17 ശീർഷകത്തിൽ ഇല്ല	1-1-8
10	ഡെപ്പോസിറ്റ് രജിസ്റ്റർ -മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല	1-1-9
11	അഡ്വാൻസ് രജിസ്റ്റർ -മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല	1-1-10
12	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക്	1-1-11

	പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	
13	വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട മറ്റ് നിരീക്ഷണങ്ങൾ	1-1-12
14	ബജറ്റ്	1-2
15	ഗ്രാന്റ് വിനിയോഗം	1-3
16	സാമ്പത്തിക അവലോകനം	1-4
17	പദ്ധതി അവലോകനം	1-5
18	സാമൂഹ്യ ക്ഷേമ പെൻഷൻ -പെൻഷനറുടെ മരണശേഷവും സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യുന്നില്ല	1-6-1
19	ക്ഷേമപദ്ധതികൾ	1-6
20	ക്യാഷ് പരിശോധന	1-7
21	ആഭ്യന്തരനിയന്ത്രണം	1-8
22	തൊഴിലുറപ്പ് പദ്ധതി	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	ഐ.കെ.എം.വിഹിതം നൽകൽ - ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-11
25	ബോട്ടിൽ ബൂത്ത് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	1-12
26	എഫ്.എച്ച്.സി.യിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കൽ - ബിൽ തുക കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പരിൽ അവ്യക്തത	1-13
27	പൊതു പൈപ്പുകളുടെ വെള്ളക്കരം അടവാക്കൽ - ഒരേ ബില്ലിന് രണ്ട് പ്രാവശ്യം തുക അടവാക്കി	1-14
28	തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല	1-15-1
29	നികുതി/ നികുതിയേതിര വരുമാനം	1-15
30	ലൈസൻസ് അപേക്ഷകൾ പൂർണമല്ല	1-16-1
31	റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-16-2
32	FTE & OS ലൈസൻസ്	1-16

33	റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	1-17-1
34	തൊഴിൽ നികുതി ഈടാക്കിയില്ല	1-17-2
35	കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല	1-17-3
36	തൊഴിൽ നികുതി	1-17
37	ലേലം കൈക്കൊണ്ടിട്ടും തുക അടവാക്കിയിട്ടില്ല	1-18
38	വാടക	1-19
39	വസ്തു നികുതി	1-20
40	ആസ്തികളുടെ തുടർ പരിപാലനം ഉറപ്പു വരുത്തേണ്ടതാണ്.	1-21
41	ഇ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.	1-22
42	പാലിയേറ്റീവ് കെയർ -മരുന്നു ലഭ്യമായില്ല 62,525/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.	1-23
43	വയോജന സാന്ത്വന പരിപാലനം -മരുന്നുകൾ ലഭ്യമായില്ല-1,60,361/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു	1-24
44	ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - വാഹനം വാടകയ്ക്ക് എടുത്തതിന്റെ കവട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല	1-25
45	ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം ജനറൽ -പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയില്ല	1-26
46	അതി ദരിദ്രർക്ക് വീട് മെയിന്റനൻസ് - അറ്റകുറ്റപണി പൂർത്തിയാക്കിയില്ല.	1-27
47	വീട് മെയിന്റനൻസ് ജനറൽ- ഭവന പുനരുദ്ദാരണം പൂർത്തീകരിച്ചില്ല.	1-28
48	ലൈഫ് ഭവന പദ്ധതി -ഭവന നിർമാണം പൂർത്തിയായില്ല.	1-29

49	കോഴി വളർത്തൽ SC- വനിത - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല	1-30
50	മാലിന്യ സംസ്കരണം- ഹരിതകർമസേനാപ്രവർത്തനങ്ങൾ	1-31
51	വിവിധ മരാമത്ത് പ്രവർത്തികൾ- കാലതാമസത്തിന് ഫൈൻ ഈടാക്കിയിട്ടില്ല.	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിശദാംശം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പുളിമാത്ത് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വ
പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ
തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധന
പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയ
ഭരണസമിതിയുടെ 29.05.2024ലെ 5(1)നം. തീരുമാനം പ്രകാരം അ
എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രി
ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേ
നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ട
ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓ
സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2
വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർ
കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ
മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയ
അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി
കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർ
രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനി
അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫി
നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ
മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ്
നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങ
വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ
തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചാ
പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമ
വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം
ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥ
റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ
ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റി
നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ
അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് ന
വിധേയമായി, പുളിമാത്ത് ഗ്രാമ പഞ്ചായത്തിന്റെ (2023-24) വ
വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പ
സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക
സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രിക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1. 2011 ലെ പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 62(2)(ബി) പ്രകാ
മാനവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെ
അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എ
ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ട
നൽകിയ ഓഡിറ്റ് എൻകയറിക്കു മറുപടിയായി (23.08.2024 ലെ ഓഡി
9/24)വാർഷിക അനുപാതങ്ങൾ ILGMS ൽ ലഭ്യമല്ല എന്ന് മറുപടി ലഭ്യമാക്കി

2. തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക്
ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതി
റിപ്പോർട്ട് വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ടി റിപ്പോർ
എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ക്രമ നം. 1, 2 എന്നിവയിൽ പരാമർശിച്ച വിഷയങ്ങളിൻമേൽ
അറിയിക്കേണ്ടതാണ്.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ
ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃ
സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2023-24 കാലയള
Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 98,77,099/- രൂപയ
പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+F
രേഖപ്പെടുത്തിയിരിക്കുന്നത് 3,72,42,846/- രൂപയാണ്. അംഗീകരിക്കപ്പ
സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെ
സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ഇക്കാ
ഓഡിറ്റ് എൻകയറിക്ക് മറുപടിയായി സിസ്റ്റം ജനറേറ്റഡ് ആയി വരുന്ന ഇ
ഉണ്ടായത് അക്രൂവൽ അക്കൌണ്ടിംഗ് രീതി ഫോളോ ചെയ്യുന്നത് മൂലമ
അപാകങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1-1-3 ബാങ്ക് അക്കൌണ്ടുകൾക്ക് പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

A. വാർഷിക ധനകാര്യ പത്രിക B-17, RP-40(B) എന്നിവപ്രകാരം ഹെഡ് ന Bank Account Of Own Revenue Fund ൽ 9,078/- രൂപ നീക്കിയിരിപ്പ് കാ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മന്റ്, പ്രതിമാസ റ സ്റ്റേറ്റ്മന്റ് എന്നിവ ലഭ്യമാക്കിയില്ല. ഐഎൽജിഎംസ് സോഫ്റ്റ്വെ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകപ മറുപടിയായി 45021001 Nationalised Bank Account Of Own Revenue Fund എന്ന എന്നും തെറ്റായി ബാലൻസ് ഷീറ്റിലും വരവിലും വന്നിട്ടുള്ള ടി തുക അടുത്ത വാർഷിക പദ്ധതിയിൽ IKM മുഖേന അപാകത പരിഹരിക്കു സ്വീകരിക്കുമെന്നും ഇങ്ങനെ ഒരു അക്കൌണ്ടില്ലാത്തതിനാലാണ് റ സ്റ്റേറ്റ്മന്റ്, ബാങ്ക് സ്റ്റേറ്റ്മന്റ് എന്നിവ ലഭ്യമാക്കാത്തത് എന്നും അ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ അപാകം ശ്രദ്ധയിൽ പെടുത നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകം അടിയന്തരമായി പ ലഭ്യമാക്കേണ്ടതാണ്

B. ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ സ്റ്റേറ്റ്മന്റ് പ്രകാരം അക്കൌണ എന്ന അക്കൌണ്ടിൽ 3/5/22 ൽ 1,56,821 രൂപ മുൻ ബാക്കിയും 31-3-23 ന് 1 ഉൾപ്പെടെ) നീക്കിയിരുപ്പും ഉണ്ട്. വാർഷിക കണക്കുപ്രകാരം ടി തുകയു നീക്കിയിരുപ്പും രേഖപ്പടുത്തിയിരിക്കുന്നത് 46501000012963 എന്ന അ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ് മെന്റ് ലഭ്യമല്ല. 31575ൽ അവസാനിക്കുന്ന അ വാർഷിക കണക്കിൽ രേഖപ്പെടുത്തുന്നതിനു പകരം 12963 നം. അ രേഖപ്പെടുത്താനുണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുന്നതിനാ ലഭ്യമാക്കിയ മറുപടി പ്രകാരം ഇന്ത്യൻ ബാങ്കിൽ വളരെ മുൻകാല അക്കൗണ്ടാണിതെന്നും ILGMS ആരംഭിച്ചപ്പോൾ 46501000012963 എന്ന അ അക്കൗണ്ടായി ആഡ് ചെയ്ത് റീ കൺസിലിയേഷൻ ചെയ്തു വരുന്നതെന്ന ട്രാൻസാക്ഷൻസ് ഒന്നും നടക്കാത്തതിനാൽ എല്ലാ വർഷവും ആകാറുണ്ടെന്നും എന്നിട്ട് സ്റ്റേറ്റ്മന്റിനായി റിക്വസ്റ്റ് നൽകുമ്പോൾ അക്കൗണ്ട് നമ്പർ നൽകി ഇത് ഓപ്പൺ ആക്കി നൽകാറുണ്ടെന്നും ആയ അക്കൌണ്ട് നമ്പറും ബാങ്ക് സ്റ്റേറ്റ്മന്റ് അക്കൗണ്ടും വ്യത്യാസമായി അക്കൗണ്ട് നമ്പറുകളിൽ പ്രതിവർഷം മാറ്റം വരുന്നത് പ്രസ്തുത അക്ക കൃത്യത ഉറപ്പുവരുത്തുന്നതിന് തടസ്സമാകുന്നതിനാൽ ഇക്കാര്യത്തിൽ ഉ അക്കൗണ്ടാണെങ്കിൽ ക്ലോസ് ചെയ്ത് തുക തനതു ഫണ്ടിലേക്ക് ധനകാര്യപത്രികയിലെ അപാകം പരിഹരിക്കുന്നതിനുള്ള അടിയന്തര ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

1-1-4 സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖ

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാ

ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു
സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓ
പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാ
അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസവും തയ്യാറാക്കി
ഡിമാന്റ് രേഖപ്പെടുത്താത്ത ഏതാനും ഇനങ്ങൾ താഴെ ചേർക്കുന്നു

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടു നം.
101100101	Property Tax On Residential Buildings	42301623/31
101100102	Property Tax On Non Residential Buildings	42301624/31
110200101	Profession Tax Institutions	42301590/31.(
110200105	Profession Tax Traders	42301590/31.(

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറിക്ക് (9/23.08.24) മറുപ
ഡിമാന്റുകൾ തയ്യാറാക്കുവാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് ര
ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-5 വസ്തു നികുതി - (റസിഡൻഷ്യൽ, നോൺ റെസിഡ തൻവർഷം, കുടിശ്ശിക, ബാലൻസ്-സഞ്ചയ പ്രകാരമുള്ള വിവരങ്ങളും വാർഷികകണക്കും പൊരുത്തപ്പെടുന്നി

സഞ്ചയ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും വാർഷിക കണക്കിലെ പൊരുത്തപ്പെടുന്നില്ല.

ഇനം	ഡിമാന്റ്		കളക
	വാർഷിക ധനകാര്യ പത്രിക	സഞ്ചയ	വാർഷിക ധന പത്രിക
Property Tax On Residential Building-Current	21,96,495	21,96,495	
Property Tax On Non Residential Building-Current	24,16,592	24,16,592	

അപാകത പരിഹരിക്കപ്പെടേണ്ടതാണ്.

1-1-6 ക്ലോസിങ് സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടു
തൻ വർഷം വിവിധ പദ്ധതികളിലായി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.
വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാര
സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെട
രേഖപ്പെടുത്തുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടര
രേഖപ്പെടുത്തിയിട്ടില്ല [കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,
അന്വേഷണത്തിന് Stock-In-Hand രേഖപ്പെടുത്തുന്നതിനുള്ള പ്രൊവിഷൻ
മറുപടി നല്കി. (ഓഡിറ്റ് അന്വേഷണം നമ്പർ 9/23.08.24). സ്റ്റോക്കിന്റെ
നിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-1-7 റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ ലഭിച്ച രണ്ടുകേ ശീർഷകം മാറി വരവു രേഖപ്പെടുത്തി

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് റെസ്റ്റോറേഷൻ ചാർജ
നം - 1220800233/17-5-22 പ്രകാരം 2,00,00,000/- രൂപ, രസീത് നം. 1220100032/07.04.
(വിവിധ മറ്റു റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് വരവുകൾ ഉൾപ്പെടെ ആ
വന്നിട്ടുണ്ട്. ആയത് 340109901 എന്ന Other Deposit എന്ന ശീർഷ
വച്ചിരിക്കുന്നത്. ആയത് റോഡ് കട്ടിംഗ് (340100401) എന്ന ശീർഷകത്തി
340109901 (Other Deposit) എന്ന ഹെഡ്ഡിൽ വരവുവെയ്ക്കാനിടയാ
വ്യക്തമാക്കിയില്ല. വരവുകൾ അതാത് ഹെഡിൽ ഉൾപ്പെടുത
സ്വീകരിക്കേണ്ടതാണ്.

1-1-8 ബി 4-ലെ CFC നീക്കിയിരിപ്പിന് തതുല്യമായ തുക അക്കൌണ്ടിന്റെ ബി17 ശീർഷകത്തിൽ ഇല്ല

കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് അക്കൗണ്ട് ചെയ്യുന്നതിൽ പൊരുത്തക
കാണുന്നു.

ഗ്രാന്റ് 1	മുൻബാക്കി 2	വരവ് രസീത്&പേയ്മെന്റ് പത്രിക പ്രകാരം 3	ആകെ 4	ചെലവ് സുലേഖ/ എസ്റ്റി ആർ പ്രകാരം 5	നീക്കിയ ബാലൻസ് പ്രകാ 6
സി എഫ് സി - ബേസ്സിക് ഗ്രാന്റ്	22,02,559	47,18,936	69,21,495	22,50,463	41
സി എഫ് സി - ടൈഡ്	97,71,134	24,02,500	1,21,73,634	26,00,314	96
ആകെ	1,19,56,178	71,21,436	1,90,95,129	48,50,777	1,38

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം ഈ ഫണ്ടുകളിലെ ആകെ നീ
രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ
പ്രകാരം) 1,30,76,757/- രൂപ മാത്രമെ നീക്കിയിരിപ്പുള്ളൂ. എന്നാൽ രജിസ്റ്റർ പ്ര
നീക്കിയിരിപ്പ് തുക 1,24,75,961/- രൂപയാണ്. ടി വ്യത്യാസം സംബന്
വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്ക്
നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ -മുൻബാക്കി, വരവ്, ചെലവ് എന്നിവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല

2022-23 ലെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുള്ള താഴെ പറയുന്ന ഡി
വർഷ തുകകൾ തൻവർഷത്തിലും ക്രമീകരിച്ചിട്ടില്ല.

ഹെഡ്	ഇനം	2023-24 ബാലൻഷീ നീക്കിയ
340100101	Contractors EMD	23,692/-
340100102	Suppliers EMD	1,10,387/-
340100103	Bidders EMD	44,380/-
340100201	Contractors Security Deposit	4,500/-
340100202	Suppliers Security Deposit	34,372/-
340100203	Bidders Security Deposit	12,447/-
340100301	Contracors Retension	3,18,184/-
340100303	Election Deposit	39,000/-
340200199	0ther Deposit	1,825/-
340200102	Auction Deposit	1,350/-
340200106	Deposit Received For Halls And Auditorium	750/-
340200101	Rent Deposit	18,420/-
340109901	Other Deposit (Road Restoration Charges)	2,05,11,027

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. ഡെ
തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇനം തിരിച്ചു
രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ
നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുവാൻ കഴി
ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ കാലാവധി കഴിഞ്ഞ്
ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപ
നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സം
ഓഡിറ്റ് അന്വേഷണത്തിന് (9/23.08.2024) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തി
തിരികെ നല്കുന്നതാണെന്നും,കാലാവധി കഴിഞ്ഞ് 3 വർഷം കഴിഞ്ഞ തു
തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്നും മറുപടി നല്കിയി
തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടി അറിയിക്കേണ്ടതാണ്.

1-1-10 അഡ്വാൻസ് രജിസ്റ്റർ -മുൻബാക്കി, വരവ്, ചെലവ് എന്നിവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറ 2020-21 മുതൽ ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

കോഡ്	ഇനം
460100105	Tour Traveling Allowance Advance

മേൽപ്പറഞ്ഞ അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിക്കാത്ത വ്യക്തമാക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറ തുക 2021-22 മുതൽ ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്

കോഡ്	ഇനം	
460100199	Other Advances	
460509901	Advance To Others	

മേൽപ്പറഞ്ഞ അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിക്കാത വ്യക്തമാക്കേണ്ടതാണ്.

7-2023-24 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ന തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കോഡ്	ഇനം
460500501	Advance To Implementing Officers
460500801	Advance To Mahathma Gandhi NREGA/AUEGS
460100101	Festival Advance

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. വാർഷിക സംപ്ക്ഷിപ്ത രജിസ്റ്റർ പ്രകാരം 2023-24ൽ വിവിധ Implementing Officers ന് അഡ്വാൻസ് നൽ Implementing Agencies (Kerala Water Authority, Kerala Electricity Board, Kerala Ground Water Works Department) എന്നിവർക്ക് നൽകിയ അഡ്വാൻസ് തുകകളും അവ സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/23.08.2024) തുക അഡ്ജ അറിയിക്കുന്നതാണെന്ന് മറുപടി നല്കി. അഡ്വാൻസ് രജിസ്റ്റർ കാല ഹാജരാക്കേണ്ടതാണ്.

1-1-11 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്ക ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെല ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം). വരും വർഷങ്ങ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറ

ലഭ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിക്കാത്ത ചെലവുകൾക്കുള്ള പ്രൊവിഷ
ഉൾപ്പെടുത്തേണ്ടതാണ്.

1-1-12 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ
മറ്റ് നിരീക്ഷണങ്ങൾ

ലൈബ്രറി സെസ്, GST/TDS തുകകൾ ഒടുക്കിയിട്ടില്ല.
(1) വാർഷിക ധനകാര്യ പത്രിക പ്രകാരം CGST/SGST ഇനത്തിൽ മുൻ
ഓവർ ആയി വന്ന 24,131 + 24,131 രൂപ തൻവർഷവും ഒടുക്കിയിട്ടില്ല. ആയ
നടപടികൾ സ്വീകരിക്കേണ്ടതാണ്.
(2) വാർഷിക ധനകാര്യ പത്രിക പ്രകാരം Tax Deduction At Source ഇനത്തി
രൂപയും SGST ൽ 11,588/- രൂപയും സെക്രട്ടറിയുടെ സ്ട്രീറ്റ് ലൈറ്റ്
പ്രോജക്ടിന്റെ ഭാഗമായി ലഭിച്ചിട്ടുണ്ട്. എങ്കിലും ആയത് ഒ
അടിയന്തിരമായി ഒടുക്കു വരുത്തേണ്ടതാണ്.
(3)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2023-24 ലെ ലൈബ്രറി സെ
രൂപ ഒടുക്കുവാൻ അവശേഷിച്ചിട്ടുണ്ട്.
ലൈബ്രറി സെസ്, GST/TDS തുകകൾ ഒടുക്ക് വരുത്തി അറിയിക്കേണ്ടതാ

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് പ
വിവരം ചുവടെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബ
പാസ്സാക്കിയ തീയതി	22.3.2023	31.1.2024
ഭരണസമിതി തീരുമാനം	1	7
മുന്നിരിപ്പ്	2,31,25,730	2,31,25,730
പ്രതീക്ഷിത വരവ്	38,63,12,000	46,12,00,532
ആകെ	40,94,37,730	48,43,26,262
പ്രതീക്ഷിത ചെലവ്	38,83,08,440	46,58,87,035
നീക്കിയിരിപ്പ്	2,11,29,290	1,84,39,227

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ മുന്നിരി
നീക്കിയിരിപ്പ് എന്നിവ താഴെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ
വികസനഫണ്ട് (ജനറൽ)	0	1,58,52,971	1,58,52,971	1,86,01,6
വികസനഫണ്ട് (എസ്.സി.പി)	0	1,23,67,635	1,23,67,635	1,42,69,5
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	24,02,500	24,02,500	26,00,3
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	32,03,000	32,03,000	22,50,4

മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	58,14,600	58,14,600	51,53,1
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	2,08,31,350	2,08,31,350	33,22,2
CSS	0	0	0	26,09,9
Sss	0	0	0	1,87,60,0

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സ ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചേർക്കുന്നു.

** 1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മന്റ്, എ.സി.ആർ, എ.എഫ്.എ ചെലവിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമു ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	വാർ പ
വികസന ഫണ്ട് (CFC Tied)	26,00,314	26,00,314	
വികസന ഫണ്ട് (CFC Untied)	22,50,463	22,50,463	
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	33,22,293	33,22,293	

മേൽ വിഷയം സംബന്ധിച്ച് നൽകിയ (ഓഡിറ്റ് എൻകയറി നം. 15 സ്വരാജിൽ ടി ബിൽ പേയ്മെന്റ് ആകാത്തതിനാലാണെന്ന മറുപടി ലഭ്യ

2) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗി ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവ

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴി
ഉല്പാദനം	പൊതുവിഭാഗം	1,44,72,103	44,
	പട്ടിക ജാതി	11,25,168	1,
സേവനം	പൊതുവിഭാഗം	10,29,46,328	6,23,
	പട്ടിക ജാതി	12,63,50,553	3,99,
പശ്ചാത്തലം	പൊതുവിഭാഗം	4,65,88,080	72,
	പട്ടിക ജാതി	35,27,971	22,

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെ അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെ

ക്യാഷ്ലൂ ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള
നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂ
സ.ഉ(ആ)100/2018/ധന., തീ. 24.01.2019-ലെ സ.ഉ(ആ)7/2019/ധന. ഉത്തരവുകൾ
പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ
അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ
സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരം
സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്
സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തു
വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേ
മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോ
നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തി
സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തു
ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കോഡ്	തദ്ദേശ സ്ഥാപനം
1	320700405	ജില്ലാ പഞ്ചായത്ത്
2	320700204	ബ്ലോക്ക് പഞ്ചായത്ത്
3	320700205	ജില്ലാ പഞ്ചായത്ത്
4	320700105	ജില്ലാ പഞ്ചായത്ത്

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക
ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സ
എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞ
വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ
ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സ
എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശ
ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും
വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും
പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങ
തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)
വനിത ഘടക പദ്ധതി	30,75,100	8,62,2
കുട്ടികൾ	8,11,662	7,90,5
വൃദ്ധർ	16,32,480	9,58,7
ഭിന്നശേഷിയുള്ളവർ	9,51,200	8,43,0
മറ്റ് ദുർബല വിഭാഗങ്ങൾ	0	
പാലിയേറ്റീവ് കെയർ രോഗികൾ	0	
അതിദാരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ	2,65,000	1,90,6

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും ത പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

6) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലന അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭര നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുക ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചാ പ്രസ്തുത പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും ഒര വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. നിരാലംബര കുടുംബങ്ങൾക്കും സുരക്ഷിതത്വവും ആത്മവിശ്വാസവും വർദ്ധിപ്പിക്കു പ്രസ്തുത പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7. താഴെ പറയുന്ന ഗ്രാന്റിൽ അലോട്ട് മെന്റ് പ്രകാരം ലഭ്യമായ ഫണ്ട് കുറവു തുകയാണ് ചെലവഴിച്ചു കാണുന്നത്.

എ സി ആർ പ്രകാരമുള്ള അലോട്ടമെന്റ് തുക	എസിആർ പ്രകാരം ചെലവഴിച്ച തുക	ചെലവു ശതമാനം
1,13,72,000 (മെയിന്റനൻസ് ഗ്രാന്റ് റോഡ്)	35,11,774	16.8

സർക്കാർ ഉത്തരവ് 79/2021 തിയ്യതി 15-7-21 പ്രകാരം സംരക്ഷ പൂർണ്ണമായും ചെലവഴിക്കാത്ത തുകകൾ പരമാവധി 20% വരെ അ വർഷത്തെക്ക് ക്യാരി ഓവർ ചെയ്യുന്നതാണ് എന്ന് നിഷ്കർഷിച്ചി ഫണ്ടിനത്തിൽ 16.8% തുക ചെലവഴിച്ചിട്ടുള്ളു.

8. 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി- താഴെ ചേർക്കുന്ന ശീർഷകങ്ങളിലെ തുക ചെലവഴിച്ചിട്ടില്ല.

ക്രമ നമ്പർ	ഹെഡ് ഓഫ് അക്കൌണ്ട്	ഇനം
1.	320100116	PMAY
2.	320100162	SSA
3.	320100191	നിർമ്മൽ പുരസ്ക്കാർ
4.	320100195	പകർച്ചവ്യാധി നിയന്ത്രണം
5.	320100197	സാക്ഷരതാമിഷൻ ഗ്രാന്റ്

6.	320100198	ശുചിത്വമിഷൻ ഗ്രാന്റ്
7.	320100200	മികച്ച പഞ്ചായത്തിനുള്ള അവാർഡ്
8	320700105	ജില്ലാ പഞ്ചായത്ത് സംയുക്ത പദ്ധതി മൂലധനചെലവ്
9.	320700205	റവന്യൂചെലവ്

മേൽ പറഞ്ഞ ഇനങ്ങൾ 2021-22 ബാലൻസ് ഷീറ്റിലും ഉൾപ്പെടുന്നവയ നൽകിയ ഓഡിറ്റ് എൻകൗയറിക്ക് ടി തുകകൾ ചെലവഴിക്കുന്നതിന രൂപീകരിച്ചിട്ടില്ലാത്തതാകുന്നു എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന തുകകളിൽ പുരസ്കാര തുകകളൊഴികെ ബാക്കി തുകകളെല്ലാം ആവശ്യകതകൾക്കായി വരവു വന്നിട്ടുള്ളവയാണ്. സംയുക്ത പ്രോജക് വർഷം ലഭിച്ച തുക നാളിതു വരെ ചെലവഴിക്കാതെ തൻ അടവാക്കിയിട്ടുള്ളതാണ്. ടി തുകകൾ അതാത് ആവശ്യങ്ങൾക്ക് ചെല ഒടുക്കുകയോ ചെയ്യേണ്ടതാണ്.

1-4 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	
ഓഡിറ്റ് വർഷത്തെ വരവ്	
ആകെ	
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	
നീക്കിയിരിപ്പ്	

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ സർക്കാർ ഗ്രാന്റുകളുടെ റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധ ചെല (ഗുണ വിഹ ഒഴി
കൃഷി ഓഫീസർ	10	9	1	22,52,976	17,24,6
വെറ്റിനറി സർജൻ	5	5	0	23,80,400	16,84,8

മെഡിക്കൽ ഓഫീസർ പി.എച്ച്.സി	20	17	3	68,00,812	55,17,9
മെഡിക്കൽ ഓഫീസർ -ഹോമിയോ	1	1	0	3,00,000	3,00,0
മെഡിക്കൽ ഓഫീസർ- ആയുർവേദം	5	5	0	19,00,000	19,00,0
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1	14	9	5	1,03,65,584	44,36,1
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2	11	8	3	17,19,10,321	6,61,29
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	12	11	1	60,80,934	48,78,7
സെക്രട്ടറി	63	34	29	1,35,94,463	1,25,71
അസിസ്റ്റന്റ് എഞ്ചിനീയർ	118	41	77	6,40,86,564	1,34,09
ഹെഡ് മാസ്റ്റർ	5	4	1	7,66,662	74,72,0
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	24,75,000	10,99,4
അസിസ്റ്റന്റ് സെക്രട്ടറി	12	8	4	29,82,592	17,43,2

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് ര
പൊതുവിഭാഗം (ജനറൽ)	2,14,48,588	1,86,01,632
എസ്.സി.പി.	1,38,62,832	1,42,69,505
ധനകാര്യ കമ്മിഷൻ അവാർഡ്	1,59,13,518	48,50,777
കേന്ദ്രാവിഷ്കൃത ഫണ്ട്	86,12,400	26,09,978
സംസ്ഥാനാവിഷ്കൃത ഫണ്ട്	4,15,09,720	1,87,60,000
തനത് ഫണ്ട്	1,38,03,455	91,34,174
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	83,83,004	61,91,048
മറ്റ് ജില്ലാ പഞ്ചായത്ത്	2,72,59,204	1,18,29,955
മെയിന്റനൻസ് റോഡ്	3,30,95,890	33,22,293
മെയിന്റനൻസ് റോഡിതരം	98,14,145	51,53,181
മറ്റുള്ളവ	9,69,53,435	2,06,58,510

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ ത
മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19
ആസൂത്രണസമിതി 3.12.2022ലെ 3/1നമ്പർ തീരുമാനപ്രകാരം പുന:സംഘട
ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സ
ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർ
ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴിവാക്കി)	ആകെ പദ്ധത ചെല (ഗു.വ ഒഴിവ
277	154	123	28,65,82,675	11,59,44

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ
ചെയ്തിട്ടുണ്ടെങ്കിലും വായ്പകൾ ഒന്നും ലഭ്യമായിട്ടില്ല.

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി
തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ
സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുക
സമർപ്പിച്ചിട്ടില്ല.

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്ത
Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി ര
ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡ്
കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ത
നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോ
നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ
ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	സ്വ (ഓ എ 3/21.
1	ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)	12.01.2023	കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക	കുട നട വര
2	ആരോഗ്യം	28.01.2023	സബ് സെന്ററുകളുടെ അടിസ്ഥാന	വി പ്രേ

			സൌകര്യങ്ങൾ മെച്ചപ്പെടുത്തുക	നട വര
3	പട്ടികജാതിവികസനം	12.01.2023	കൗൺസിലിംഗ് കളാസ്സുകൾ സംഘടിപ്പിക്കുക	പദ്ധ രൂപ
4	വിദ്യാഭ്യാസം കലയും സംസ്ക്കാരവും	28.01.2023	പൊതു കളിയിടങ്ങൾ സൃഷ്ടിക്കുക	സ്ഥ
5	പൊതുമരാമത്ത്	19.12.23	ജലജീവൻ മിഷൻ പ്രവർത്തികൾക്കായി റോഡ് റിസ്റ്റോറേഷൻ	പദ്ധ രൂപ

2) സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങൾക്കുള്ള പ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	സ്വ
1	കുടിവെള്ളം, ശുചിത്വം	ഗുരുതരം	കുടിവെള്ള സ്രോതസ്സ് നിർമ്മിക്കൽ	ജലജ പദ്ധ നടപ്പ വരു
2	പട്ടികജാതിവികസനം	അതീവ ഗുരുതരം	കുടിവെള്ളമില്ലായ്മ	ജലജ പദ്ധ നടപ്പ വരു
3	ആരോഗ്യം	അതീവ ഗുരുതരം	ആശുപത്രി രണ്ടാം നില നിർമ്മാണം	ഫണ്ട്
4	ദാരിദ്ര്യ ലഘൂകരണം	അതീവ ഗുരുതരം	പരിസര ശുചിത്വം	വിവ് നടന
5	സാമൂഹ്യ നീതി	ഗുരുതരം	കൌമാരക്കാരുടെ മാനസിക പ്രശ്നങ്ങൾ	വുമ ഫെ നിയ
6	വനിത വികസനം	ഗുരുതരം	സ്ത്രീ സുരക്ഷ	ജ്വാല രൂപീ

1-6-1 സാമൂഹ്യ ക്ഷേമ പെൻഷൻ -പെൻഷനറുടെ മരണ സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ് സസ്പെൻഡ് ചെ

സേവനയിലെ വിവരങ്ങൾ പ്രകാരം, വിവിധ സാമൂഹ്യ ഗുണഭോക്താക്കളുടെ മരണശേഷവും സ്റ്റാറ്റസ് ആക്ടീവ് ആയി ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

	പേര് ആധാർ നമ്പർ	പെൻഷൻ	പ്ര പെ തു
1	എം. ചന്ദ്രദാസ് 102390203872	സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	1,60

2	സുകുമാരൻ ജി. 102390203208	സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	1,60
3	ഗിരിജ എസ്. 102390601758	സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം)	1,60
4	സെൽവരാജ് എ. 102390201605	സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	1,60
5	വിജയകുമാർ 2043154747	ക്ഷേമനിധി ബോർഡ് പെൻഷൻ	1,60
6	രമേഷ് കുമാർ ബി. 243604270	ക്ഷേമനിധി ബോർഡ് പെൻഷൻ	1,60
7	അയ്യപ്പൻ പിള്ള 243708764	ക്ഷേമനിധി ബോർഡ് പെൻഷൻ	1,60
8	തുളസീധരൻ പിള്ളൈ	സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	1,60
9	ഷജീല വൈ.	സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം)	1,60

ധനകാര്യ വകുപ്പിന്റെ 22.01.2018 ലെ സർക്കുലർ നം എസ്.എഫ്.സി.-ബി
മരണം ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ഗുണഭോക്താക്ക
സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള
ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷണറുടെ മരണ ശേഷ
വെയറിലെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യാതെ ആക്ടീവിലായിരിക്കുന്
അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ((31/02.09.2024) മ
സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ട
ചെയ്യുന്ന അപേക്ഷകളിലെ പെൻഷൻ ഗുണഭോക്താക്കളെ കണ്ടെ
ചെയ്യേണ്ടതും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാ
മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന്
സെക്രട്ടറിമാർ അന്വേഷണം നടത്തി അത്തരക്കാരെ പെൻഷൻ ഡാ
ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്ത
സസ്പെൻഡ് ചെയ്യാത്തത് സെക്രട്ടറിയുടെ ഭരണപരമായ
വിലയിരുത്തുന്നു.

1-6 ക്ഷേമപദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളു
ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെ
കർഷകതൊഴിലാളി പെൻഷൻ	
വിധവ പെൻഷൻ	
വാർദ്ധക്യകാലപെൻഷൻ	
വികലാംഗപെൻഷൻ	
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	
വിവാഹധനസഹായം	

1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള പരിശോധന 23.08.2024 തീയതിയിൽ 02:30 PM സമയത്ത് ഉത്തരവാദത്തപ്പെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,250/- ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ജോലി വിഭജന രേഖ

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമ ജീവനക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ഫയലുകൾ തീർപ്പാക്കൽ

ഓഡിറ്റ് കാലയളവിൽ 113 ഫയലുകൾ നടപടി പൂർത്തിയാകാതെ അവശേ അന്വേഷണം നമ്പർ 04/21.08.24)

ജീവനക്കാര്യം

ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ് മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ കൃത്യമായ സ്യൂട്ട് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.

സർക്കാരിലേക്ക് ഒടുക്കേണ്ട അംശദാനങ്ങൾ

ഇൻകംടാക്സ്, ജി എസ് ടി, തൊഴിലാളി ക്ഷേമ നിധി പെൻഷൻ, ലൈബ്രറി ഒടുക്കുന്നില്ല. സർക്കാരിലേക്ക് ഒടുക്കേണ്ട അംശദാനങ്ങ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് വരുമാനം

2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് തൻവർഷത്തേയും മുൻവർഷ വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

ഗ്രാമസഭ

നിയമം അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ ഗ്രാമസഭ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, അംഗീകരിക്കൽ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കുള്ള ഗുണഭോക്തൃലി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ആക്ഷൻ പ്ല ദുരന്തനിവാരണ പദ്ധതി, വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവയ പ്രധാന അജണ്ടകൾ.

അധികാരവികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നൽകാമെ നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും ഗുണഭോക്തൃ തിരഞ്ഞെടു ഗ്രാമസഭാപ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പദ്ധതി നി പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ പരശോധിക്കപ്പെടേ നിഷ്കർഷവുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്.

ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല. ഗ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേ അതുണ്ടായിട്ടില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്ര

വർക്കിംഗ് ഗ്രൂപ്പ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ ആവിഷ്ക്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവി ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തി നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

അക്കൗണ്ടുകൾ

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പ പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാ പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുക തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തി

ഓഡിറ്റ് റിപ്പോർട്ട് /ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 13.2.24ലെ ഭരണസമിതി ചർച്ച ചെയ്ത ആദ്യ മറുപടി തയ്യാറാക്കി സമർപ്പിക്കുകയും പുനരഭിപ്രായക്കുറ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

19 ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായ് അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുത ഈടാക്കേണ്ടതുണ്ട്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാകുന്നതിൽ കാലതാമസം നേരിട

സ്വന്തം ആസ്തികളിൽത്തന്നെയോണോ പൊതുമരാമത്ത് പ്രവൃത്തിക ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കു സ്വീകരിക്കേണ്ടതാണ്.

2023-24 വർഷത്തെ ലൈബ്രറി സെസ് തുക അടവാക്കുന്നത് സ്വീകരിക്കേണ്ടതാണ്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന് ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാന അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ
ഭരണചെലവുകൾ	5,14,347	12,03,301	17,17,648	17,17,6
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത	0	7,23,27,000	7,23,27,000	7,23,27,0
ആകെ	5,14,347	7,35,30,301	7,40,44,648	7,40,44,6

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റ
പെർഫോർമൻസ് ഓഡിറ്റ്	19.11.2021 – 20.11.2021	01.01.2021 മുതൽ 31.07.2021 വരെ	21
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.05.2016 – 25.05.2016	2011-12 മുതൽ 2015 -16 വരെ	01

1-11 ഐ.കെ.എം.വിഹിതം നൽകൽ - ധന വിനിയോഗ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ: 69/24
പദ്ധതിയുടെ പേര്: ഐ.കെ.എം.വിഹിതം നൽകൽ
അടങ്കൽ തുക: 1,19,000/-
ചെലവ് തുക: 1,13,825/-
ഫണ്ടിനം: തനത് ഫണ്ട്
മേൽ വിവരിച്ച പദ്ധതിയിൽ 1,13,825/- രൂപ ഇൻഫർമേഷൻ കേരള മിഷ
ഈ തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതുമായി
ഓഡിറ്റ് അന്വേഷണത്തിന് (25/2024,31.08.2024) മറുപടിയായി ധനവിനി
ലഭിക്കുന്നതിന് ഐ.കെ.എം.ന് കത്ത് നൽകുമെന്ന് അറിയിച്ചു.
സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടത

1-12 ബോട്ടിൽ ബൂത്ത് - പദ്ധതി നടത്തിപ്പിലെ അപാക

പദ്ധതി നമ്പർ: 274/24
പദ്ധതിയുടെ പേര് : ബോട്ടിൽ ബൂത്ത്
അടങ്കൽ തുക: 1,00,000
ചെലവ് തുക: 99,000
ഫണ്ടിനം: കേന്ദ്രാവിഷ്കൃത ഫണ്ട്
നിർവഹണം : സെക്രട്ടറി
ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനുള്ള ടെണ്ടറിൽ കുറവ് തുക ക
എഞ്ചിനീയറിങ് ആന്റ് മറ്റീരിയൽസ് എന്ന സ്ഥാപനത്തിന്റെ ഉടമ എ.
അക്കൗണ്ട് നമ്പർ **67305781219** ആണ്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള 99,
6721 9219280 എന്ന ബാങ്ക് അക്കൗണ്ടിലേക്കാണ്. ടിയാൾക്ക് രണ്ട് ബ
ഉണ്ടായിരുന്നുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്
മറുപടിയായി നൽകിയത്. തുക യഥാർത്ഥ ആളിന് തന്നെ കൈമാറി
രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ശ്രീ. ഷിറാസ് എന്ന വ്യക്തി, പഞ്ചായത്ത് നിർദ്ദേശിച്ച പ്രകാരം ബോട്ടിൽ
എഴുതി നൽകി 99,000/- രൂപ കൈപ്പറ്റി. എന്നാൽ, പ്രാദേശിക പരിശോ
ബൂത്തുകൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കാതെ പഞ്ചായത്ത്
സൂക്ഷിക്കുന്നതായി കണ്ടു. അതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അ
2024,31.08.2024) ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനു
നിശ്ചയിച്ചിട്ടില്ലായെന്നാണ് മറുപടിയായി നൽകിയത്. ഇത് പദ്ധതി
പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എത്രയും വേഗം ബ
അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയി

1-13 എഫ്.എച്ച്.സി.യിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമാ തുക കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പരിൽ അവ്യക

പദ്ധതി നമ്പർ: 326/24
പദ്ധതിയുടെ പേര്: എഫ്.എച്ച്.സി.യിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്ക
അടങ്കൽ തുക: 1,00,000/-

ചെലവ് തുക: 46,000/-
ഫണ്ടിനം: വികസന ഫണ്ട്
നിർവ്വഹണം : സെക്രട്ടറി.
മേൽ വിവരിച്ച പദ്ധതിയിൽ പ്രവർത്തിക്ക് കരാർ ലഭിച്ച ശ്രീ വിജയൻ
രേഖകളിലെ ടിയാന്റെ അക്കൗണ്ട് നമ്പർ 14390100103091 ആണ്. എന്നാ
46,000/- രൂപ കൈമാറിയിരിക്കുന്നത് 40346111000502 എന്ന ബാങ്ക്
ഗുണഭോക്താവിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരുന്നുവെന്നാണ്
നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/2024,31.08.2024) മറുപടി നൽകി
ആളിന് തന്നെ കൈമാറി എന്ന് തെളിയിക്കുന്ന രേഖ ഓഡിറ്റിന് ഹാജരാ

1-14 പൊതു പൈപ്പുകളുടെ വെള്ളക്കരം അടവാക്കൽ - രണ്ട് പ്രാവശ്യം തുക അടവാക്കി

പദ്ധതി നമ്പർ: 68/24
പദ്ധതിയുടെ പേര്: : പൊതു പൈപ്പുകളുടെ വെള്ളക്കരം അടവാക്കൽ
അടങ്കൽ തുക: 29,39,589
ചെലവ് തുക: 29,26,356
ഫണ്ടിനം: തനത് ഫണ്ട്
നിർവ്വഹണം : സെക്രട്ടറി
മേൽ പദ്ധതിയിൽ 2023 മെയ് മാസത്തിലെ വെള്ളക്കരത്തിന്റെ ഡിമാന്
രൂപ 22.05.2023 നും 31.05.2023 നും വാട്ടർ അതോറിറ്റിയിൽ അടവാക്കിയ
മാസത്തെ ഡിമാന്റ് തുകയിൻമേൽ **ര**ണ്ട് പ്രാവശ്യം തുക (4,87,726/- രൂ
സാഹചര്യം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്
മറുപടിയായി ഇ മെയിൽ വഴിയും തപാൽ മാർഗ്ഗവും മെയ്
വെള്ളത്തിന്റെ ഒരേ ബില്ല് ജീവനക്കാരന്റെ അശ്രദ്ധ കാരണം ര
നൽകുകയാണ് ചെയ്തതെന്ന് അറിയിക്കുകയുണ്ടായി. ഈ തുക അപ്പേ
ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ അടുത്ത മാസത്തെ
ബില്ലിൽ ക്രമീകരിക്കുകയാണുണ്ടായത്. ഇത് നിർവ്വഹണ ഉദ്യോഗസ്
2,43,863/- രൂപ ഒരു മാസത്തേക്ക് അധികം നൽകുക വഴി പഞ്ചായത്തി
പലിശ ഇനത്തിൽ കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ
ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15-1 തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്

2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് തൻവർഷത്തേയും, മുൻവർഷ
വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പ്ര
പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവ

ഹെഡ് കോഡ്	ഇനം
431100101	Receivables For Property Tax On Residential Buildings (Current)
431100102	Receivables For Property Tax On Residential Buildings (Arrears)

431100103	Receivables For Property Tax On Non- Residential Buildings (Current)
431100104	Receivables For Property Tax On Non- Residential Buildings (Arrears)
431120102	Receivables For Profession Tax – Institutions (Arrears)
431400101	Rent Receivables From Buildings (Current)
431400107	Receivables Towards Bus Stand Receipts (Current)
431400111	Receivables Towards Public Comfort Stations Receipts (Current)

സ.ഉ. (കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡി
തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശി
വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാ
വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ട
ബാധിക്കുമെന്നിരിക്കെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തി
(കൈ)നം. 117/2022/LSGD, തീയതി 01/06/2022 ഉത്തരവ് പ്രകാരം
പരിപാലിക്കുന്നുണ്ടോ എന്നും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ
എൻകയറി നമ്പർ - 05/2023-'24, 22.08.2024) വസ്തു നികുതി സംബന്ധിച്ച
തന്നാണ്ടു വരവും കൃത്യമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോ
പിരിവ് കൈവരിക്കുന്നതിന് വേണ്ട നടപടി നിർദേശങ്ങൾ നൽകുകയും
ലഭിച്ചു.
നികുതിയേതിര/നികുതി പിരിവിന്റെ പുരോഗതി റിപ്പോർട്ട് ലഭ
ഒഴിവാക്കേണ്ടതാണ്.

1-15 നികുതി/ നികുതിയേതിര വരുമാനം

ആറാമത് ധനകാര്യ കമ്മിഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം
സമാഹരണത്തിന്റെ കാര്യക്ഷമത സംബന്ധിച്ച പരിശോധനയുടെ
(ഓഡിറ്റ് എൻകയറി നം. 5/23-24, 22.08.2024) വിവരങ്ങൾ ചുവടെ ചേർക്കുന

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുത
സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. നിലവിലുള്ള തനത് വരുമാന സ്രോ
ലൈസൻസ്, വസ്തുനികുതി എന്നിവ 100% ആക്കുന്നതിന്റെ ഭാഗമായി
വിതരണം ചെയ്തു ക്യാമ്പ് കളക്ഷൻ നടത്തിയിട്ടുണ്ട്. ലൈസൻസില്ലാ
വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരി
സാമ്പത്തിക വർഷത്തെ ലൈസൻസ് നാളിതുവരെ പുതുക്കിയിട്ടില്ലാ
അടിയന്തരമായി നൽകി എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻ
